# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 914 — 07.02.2013 ൽ മറുപടിയ്ക്ക്

## കുഴൽക്കിണറുകളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഉപയോഗശൂന്യമായ കുഴൽക്കിണറുകളിൽ കുട്ടികൾ വീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ഉപയോഗശൂന്യമായ കുഴൽ കിണറുകളിൽ കുട്ടികൾ വീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാനായി മുൻകരുതൽ എന്ന നിലയ്ക്ക് സുരക്ഷാ നിർദ്ദേശങ്ങൾ പൊതുജനശ്രദ്ധയ്ക്കായി ഭൂജല വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പിന് കീഴിലുള്ള ജില്ലാ ഓഫീസുകൾ മുഖേന ബന്ധപ്പെട്ട ജില്ലാ ഭരണകൂടത്തെയും പഞ്ചായത്തുകളെയും അറിയിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായി കിടക്കുന്ന കുഴൽ കിണറുകളെ പറ്റിയുള്ള വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ ഭൂജല വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഉപയോഗശൂന്യമായതും, അപകടമുണ്ടാകാൻ ഇടയുള്ളതുമായ കുഴൽ കിണറുകൾ കണ്ടെത്താൻ പരിശോധനകൾ നടത്തിയിട്ടുണ്ടോ ; | (ബി) മാർഗ്ഗ നിർദ്ദേശങ്ങൾ പഞ്ചായത്തുകളെ അറിയിക്കുകയും, പഞ്ചായത്ത് മുഖേനയും പൊതുജനങ്ങൾ മുഖേനയും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് ഉപയോഗശൂന്യമായ കുഴൽ കിണറുകൾ മൂടാനും ആയവ സുരക്ഷിതമാക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എങ്കിൽ പരിശോധനയിലെ കണ്ടെത്തലുകൾ വിശദമാക്കുമോ ? | (സി) ആലപ്പുഴ ജില്ലയിൽ പൊതുജനങ്ങളിൽ നിന്നും ചില പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങൾ ജില്ലാ ഓഫീസ് അധികൃതർ പരിശോധിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ